പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 394 — 28.10.2019 -ൽ മറുപടിക്ക്

**ഹോട്ടലുകളിൽ വില നിയന്ത്രണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | **ശ്രീ. പി. തിലോത്തമൻ** **(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണത്തിന് ന്യായവില ഈടാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുവാനുള്ള അധികാരം വകുപ്പിൽ നിക്ഷിപ്തമല്ല. നിലവിലെ നിയമം അനുസരിച്ച് വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും അതിൽ കൂടുതൽ വില ഭക്ഷണ സാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ ഫുഡ് സ്റ്റഫ്സ് (ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977 ലെയും 1980 ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ് പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |
| (ബി) അമിത വില ഈടാക്കുന്ന ഹോട്ടലുകളിൽ വില നിയന്ത്രണം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**